"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - പെരുവനം ആറാട്ടുപുഴ പൂരം 2025-ന് (ഏപ്രിൽ 03-11, തൃശ്ശൂർ) ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.76/2025/TSM  തീയതി,തിരുവനന്തപുരം, 12-02-2025

---

പരാമർശം:-

1. പെരുവനം ആറാട്ടുപുഴ പൂരം സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് സമർപ്പിച്ച 07-12-2024 തീയതിയിലെ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 24-01-2025 തീയതിയിലെ DOT/4944/2024-M1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025 ഏപ്രിൽ 03 മുതൽ 11 വരെ സംഘടിപ്പിക്കുന്ന പെരുവനം ആറാട്ടുപുഴ പൂരം 2025 ന് ധനസഹായം ആവശ്യപ്പെട്ട് കൊണ്ട് പെരുവനം ആറാട്ടുപുഴ പൂരം സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തൃശ്ശൂർ ജില്ലയിലെ 6 നിയോജകമണ്ഡലങ്ങളിൽപ്പെട്ട 24 ക്ഷേത്രങ്ങൾ പങ്കെടുക്കുന്ന ഒരു വലിയ ദേവമേളയാണ് പെരുവനം ആറാട്ടുപുഴ പൂരം. ധാരാളം തദ്ദേശീയരും, വിദേശികളും ആയ ടൂറിസ്റ്റുകൾ പങ്കെടുക്കുന്ന ആറാട്ടുപുഴ പൂരംത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട്, 2025 ഏപ്രിൽ 03 മുതൽ 11 വരെ സംഘടിപ്പിക്കുന്ന പെരുവനം ആറാട്ടുപുഴ പൂരം 2025 ന് 3452-80-104-99-00-01-വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം എന്ന ശീർഷകത്തിൽ നിന്നും ₹25000/-രൂപ(ഇരുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം പെരുവനം ആറാട്ടുപുഴ പൂരം സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
പെരുവനം ആറാട്ടുപുഴ പൂരം സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 13-02-2025 11:53:35

സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്